"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - കൊല്ലം മയ്യനാട് എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.ടി.(പി.എസ്.) ശ്രീമതി.സൗമ്യ ആർ. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4117/2025/GEDN തീയതി,തിരുവനന്തപുരം, 23-06-2025

---

പരാമർശം:-
1. കൊല്ലം മയ്യനാട് എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.ടി.(പി.എസ്.) ശ്രീമതി സൗമ്യ ആർ.-ന്റെ 12.12.2024-ലെ റിവിഷൻ ഹർജി
2. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറിന്റെ 19.02.2025-ലെ ബി5/193/2025/ഡി.ഇ.ഒ. നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.02.2025-ലെ DGE/1692/2025-ET1 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം മയ്യനാട് എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.ടി.(പി.എസ്.) ശ്രീമതി സൗമ്യ ആർ. 12.12.2024 തീയതിയായി സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട കക്ഷികളുടെ വാദം 27.02.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. എച്ച്.എസ്.ടി.(പി.എസ്) തസ്തികയിലെ ടിയാളുടെ നിയമനത്തിന് 29.08.2022 മുതൽ അംഗീകാരം നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം.

2. ഈ വിഷയം ഹിയറിംങ് സമയത്തെ വാദം, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരിയുടെയും, നിലവിലെ മാനേജരുടെയും പൊതുവായ വാദങ്ങൾ ചുവടെ കൊടുക്കുന്നു:

"(i) ടി സ്കൂളിൽ എച്ച്.എസ്.ടി.(പി.എസ്. ) ആയിരുന്ന ഹരീഷ് തമ്പി 28.08.2022-ൽ മരണപ്പെട്ട ഒഴിവിലാണ് ഹർജിക്കാരിയെ 29.08.2022-ൽ സമന്വയ വഴി നിയമിച്ചിട്ടുള്ളത്.

(ii) നിയമനാംഗീകാര പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ 2 മാസവും 5 ദിവസവും കാലതാമസമുണ്ടായി, ഭിന്നശേഷി സംവരണ വ്യവസ്ഥകൾ പാലിച്ചിട്ടില്ല, മാനേജർ നിയമനം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നു തുടങ്ങിയ കാരണങ്ങളാൽ ടിയാളുടെ നിയമനം നിരസിച്ചു.

( i i i ) ഹർജിക്കാരിയുടെ നിയമനാംഗീകാരപ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ ബോധപൂർവ്വമല്ലാതെ ഉണ്ടായ കാലതാമസം മാപ്പാക്കി നൽകണം.
(iv) ഭിന്നശേഷി നിയമനത്തിനായി മാനേജർ ഒരു എച്ച്.എസ്.ടി.(മലയാളം) തസ്തിക 2024-25-ൽ മാറ്റി വച്ചിട്ടുണ്ട്.
(v) 01.07.2022 മുതൽ 30.06.2023 വരെ മാനേജർക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നൽകിയ അംഗീകാരം ബഹു. ജില്ലാ കോടതി റദ്ദാക്കിയെങ്കിലും ബഹു. ഹൈക്കോടതി, ജില്ലാ കോടതിയുടെ ഉത്തരവ് സ്റ്റേ ചെയ്തതിനാൽ ഫലത്തിൽ മേൽപ്പറഞ്ഞ കാലയളവിൽ മാനേജർക്ക് അംഗീകാരം നിലനിന്നിരുന്നുവെന്ന് കാണാം. ടി കാലയളവിനുള്ളിൽ 29.08.2022-ലാണ് ഹർജിക്കാരിക്ക് ടി മാനേജർ നിയമനം നൽകിയിട്ടുള്ളത് എന്നും കാണാവുന്നതാണ്. കൂടാതെ, WP(C)No.37400/2024-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല വിധിന്യായത്തിൽ ടി മാനേജർ തുടരാനായി അനുമതി നൽകിയിട്ടുണ്ട്.
( v i ) ഹർജിക്കാരിയുടെ നിയമനാംഗീകാര പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ മാനേജ്മെൻറ് തർക്കത്തെ തുടർന്നുണ്ടായ 2 മാസം 5 ദിവസത്തെ കാലതാമസം മാപ്പാക്കി, ഹർജിക്കാരിക്ക് എച്ച്.എസ്.ടി.(പി.എസ്. ) ആയി 29.08.2022 മുതൽ ഭിന്നശേഷി സംവരണത്തിന് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകണമെന്ന് ഹർജിക്കാരി അഭ്യർത്ഥിക്കുന്നു.”

3. ടി സ്കൂളിൽ മാനേജർ നിയമനം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നുവെന്നും, നിലവിൽ മാനേജർ ശ്രീ.സദാശിവൻ നടത്തിയ 01.07.2023 മുതൽ 30.06.2024 വരെയും, 01.07.2024 മുതൽ 30.06.2025 വരെയുമുള്ള നിയമനങ്ങൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചുവെങ്കിലും ടിയാൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷന്റെ ഇടക്കാല ഉത്തരവ് പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് സ്റ്റേ ചെയ്തിട്ടുണ്ടെന്നും, അംഗീകൃതമാനേജർ നടത്തിയിട്ടുള്ള നിയമനമല്ലാത്തതിനാൽ ഹർജിക്കാരിയുടെ നിയമനം പരിഗണനാർഹമല്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

4. ടി സ്കൂളിൽ മാനേജ്മെന്റ് തർക്കം നിലനിൽക്കുന്നു എന്നത് വസ്തുതയാണ്. നിലവിലെ മാനേജർ ശ്രീ.സദാശിവന്റെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചിട്ടുണ്ടെങ്കിലും ടി ഉത്തരവ് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതായി കാണുന്നു. അതിനാൽ ഹർജിക്കാരിയെ നിയമിച്ച 29.08.2022 തീയതിയിൽ ശ്രീ.സദാശിവനെ തന്നെ മാനേജരായി കണക്കാക്കേണ്ടതാണ്. കൂടാതെ, മാനേജർ തർക്കം നിലനിൽക്കുന്ന സാഹചര്യത്തിലാണ് ടിയാളുടെ നിയമനാംഗീകാര പ്രൊപ്പോസൽ സമർപ്പിക്കുന്നതിൽ കാലതാമസം

വന്നിട്ടുള്ളതെന്ന് കാണുന്നു. എന്നാൽ മാനേജർ ഭിന്നശേഷി സംവരണത്തിനായി എച്ച്.എസ്.ടി.(മലയാളം) തസ്തിക മാറ്റി വച്ചിട്ടുള്ളത് 2024-25 വർഷം മുതലാണ്.

5. മേൽ സാഹചര്യത്തിൽ ശ്രീമതി സൗമ്യ ആർ.-ന്റെ നിയമനാംഗീകാര പ്രൊപ്പോസൽ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കിയും ടിയാൾക്ക്, എച്ച്.എസ്.ടി.(പി.എസ്. ) ആയി 29.08.2022 മുതൽ ഭിന്നശേഷി സംവരണത്തിന് വിധേയമായി മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ, ദിവസവേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകുന്നതിന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കിയും കൊല്ലം മയ്യനാട് എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.ടി.(പി.എസ്. ) ശ്രീമതി സൗമ്യ ആർ. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, എച്ച്.എസ്.എസ്., മയ്യനാട്, കൊല്ലം
ശ്രീമതി സൗമ്യ ആർ., എച്ച്.എസ്.ടി.(പി.എസ്.), എച്ച്.എസ്.എസ്., മയ്യനാട്, കൊല്ലം
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (24.05.2025-ലെ GE-JA3/180/2025-G.EDN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shahnakumari S L
Date: 23-06-2025 17:57:01

സെക്ഷൻ ഓഫീസർ